ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.എസ്.എ.യുടെ സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.സി) യുടെ ഭാഗമായി എല്ലാ ശനി, ഞായർ ദിവസങ്ങളിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

(സി) ബി.ആർ.സി.-കൾ കേന്ദ്രീകരിച്ചാണ് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തി ദിനങ്ങളിൽ ഐ.ഇ.ഡി.സി വിഭാഗം കുട്ടികൾക്ക് അതത് സ്കൂളുകളിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ടതുള്ളതിനാൽ ശനി, ഞായർ ദിവസങ്ങളാണ് അവർക്ക് സൗകര്യപ്രദം.

(ഡി) പ്രതിദിനം 300 രൂപ നിരക്കിൽ ശനി, ഞായർ ദിവസങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റുകൾ സേവനം ലഭ്യമാക്കുന്നുണ്ട്.

(ഇ) എല്ലാ ജില്ലകളിലും ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ

148 (4772) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ 2008-2009, 2009-10 വർഷങ്ങളിൽ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പു പദ്ധതി പ്രകാരം സൃഷ്ടിച്ച തൊഴിൽ ദിനങ്ങളും ചെലവഴിച്ച തുകയും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) 2010-11 വർഷത്തേക്ക് പ്രസ്തുത പഞ്ചായത്തുകൾക്കായി നീക്കി വച്ചിരിക്കുന്ന തുക എത്ര വീതമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ 2008-09, 2009-10 വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിച്ച തൊഴിൽ ദിനങ്ങളും, ചെലവഴിച്ച തുകയും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ലേബർ ബഡ്ജറ്റ് പ്രകാരം 2010-11 വർഷം പ്രതീക്ഷിക്കുന്ന ചെലവ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly